# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6634** **21.11.2019-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ എൻട്രൻസ് കോച്ചിംഗ്</u>**

| <u>ചോദ്യം</u><br>ശ്രീ.കെ. ദാസൻ | | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ എൻട്രൻസ് കോച്ചിംഗിന് വേണ്ടി തെരഞ്ഞെടുക്കാവുന്ന അംഗീകരിച്ച പരിശീലന കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ എൻട്രൻസ് കോച്ചിംഗിന് വേണ്ടി തെരഞ്ഞെടുക്കാവുന്ന അംഗീകരിച്ച പരിശീലന കേന്ദ്രങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും സ്ഥാപനങ്ങൾ അംഗീകരിച്ച പട്ടികയിൽ ഉണ്ടോ; | ബി) | കോഴിക്കോട് ജില്ലയിൽ നിന്നും റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ്, റസിഡൻഷ്യൽ ബാങ്ക് പരിശീലനം എന്നിവയ്ക്കായി സ്ഥാപനങ്ങൾ താൽപര്യപത്രം നൽകിയിട്ടില്ല. ആയതിനാൽ അംഗീകരിച്ച സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. വിദ്യാതീരം പദ്ധതിയിലെ പി.എസ്.സി പരിശീലനത്തിനായി ബ്രില്ല്യൻസ് കോളേജിന്റെ കോഴിക്കോട് ശാഖയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. |
| സി) അംഗീകൃത സ്ഥാപനങ്ങളുടെ കുറവ് കാരണം മലബാറിൽ നിന്നടക്കമുളള പ്രസ്തുത വിദ്യാർത്ഥികൾക്ക് മധ്യ കേരളത്തിലേക്ക് പഠനത്തിനു വരേണ്ടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) & ഡി) | ഉണ്ട്.<br>സംസ്ഥാനത്തൊട്ടാകെ താൽപര്യപത്രം ക്ഷണിച്ച് മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളെ വിദ്യാതീരം പദ്ധതിയ്ക്ക് തെരഞ്ഞെടുക്കുന്നത്. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി താൽപര്യപത്രം സമർപ്പിച്ചാൽ ടി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുളള നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| ഡി) കൂടുതൽ ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ ആലോചിച്ച് വരുന്നുണ്ടോ; വിശദമാക്കാമോ? | | |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കു പുറമേ വിവിധ വിദ്യാഭ്യാസ പരിശീലന പരിപാടികൾ 2016- വർഷം മുതൽ വിദ്യാതീരം എന്ന പദ്ധതിയിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിവിധ പരിശീലന പരിപാടികളായ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് പരിശീലനം, പി.എസ്.സി പരിശീലനം എന്നിവ നൽകുന്ന പദ്ധതിയാണ് വിദ്യാതീരം പദ്ധതി. വിദ്യാതീരം പദ്ധതിയിലെ പ്രസ്തുത പരിശീലന പരിപാടികൾക്കായി മാർഗ്ഗരേഖ 2018-19 സാമ്പത്തിക വർഷം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് 2018-19, 2019-20 എന്നീ വർഷങ്ങളിൽ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ്, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, പി.എസ്.സി പരിശീലനം എന്നിവയ്ക്ക് സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്. ടി മാർഗ്ഗരേഖ പ്രകാരം സംസ്ഥാന ത്തൊട്ടാകെ പത്രപരസ്യം നൽകി താൽപര്യപത്രം ക്ഷണിച്ചാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. ഇതിനായി സ്ഥാപനങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനം, റിസൾട്ട്, പഠന പശ്ചാത്തല സൗകര്യങ്ങൾ താമസ സൗകര്യം, ഫാക്കൽറ്റി വിവരങ്ങൾ എന്നിവ ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായ ഒരു ടെക്നിക്കൽ കമ്മിറ്റി താൽപര്യപത്രം പരിശോധിച്ച് മെരിറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്താണ് സ്ഥാപനങ്ങളെ തെരഞ്ഞെടുപ്പ് നടത്തുന്നത്. ഗ്രേഡ് ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികൾക്ക് താൽപര്യമനുസരിച്ച് സ്ഥാപനത്തെ തെരഞ്ഞെടുക്കാവുന്നതാണ്.

2018-19, 2019-20 വർഷങ്ങളിൽ വിദ്യാതീരം പദ്ധതിയ്ക്ക് തെരഞ്ഞടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**2018-19 വർഷം**

| | | |
|---|---|---|
| 1 | റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് | 1. ബ്രില്യൻസ് സ്റ്റഡിസെന്റർ, പാലാ<br>2. ആൽഫാ എൻട്രൻസ് അക്കാഡമി, ആലപ്പുഴ<br>3. ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി, തിരുവനന്തപുരം |
| 2 | റസിഡൻഷ്യൽ ബാങ്ക് പരിശീലനം | Institute of Career Development ICD, Kollam |
| 3 | പി.എസ്.സി പരിശീലനം | 1. Kordhova Educational Charitable Society, Vengara, Malappuram<br>2. Brilliance College, Thampanoor (All branches) |

| | | |
|---|---|---|
| | | 3. Centre for Career Development Studies, Thiruvananthapuram<br>4. Master mind Career Coaching Centre, Thampanoor |

**2019-20 സാമ്പത്തിക വർഷം**

| | | |
|---|---|---|
| 1 | റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് | 1. ബ്രില്യൻസ് സ്റ്റഡിസെന്റർ, പാലാ<br>2. ആൽഫാ എൻട്രൻസ് അക്കാഡമി, ആലപ്പുഴ<br>3. പ്രൊഫ.പി.സി തോമസ്സ് ക്ലാസ്സ് - തൃശ്ശൂർ |
| 2 | റസിഡൻഷ്യൽ ബാങ്ക് പരിശീലനം | Institute of Career Development ICD, Kollam |
| 3 | പി.എസ്.സി പരിശീലനം | 1. Brilliance College, Thampanoor, (All branches)<br>2. Eduzone, Thampanoor |

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരിശീലനം സർക്കാർ അംഗീകൃത കേരള സിവിൽ സർവ്വീസ് അക്കാഡമിയിലാണ് നൽകി വരുന്നത്.

**സെക്ഷൻ ആഫീസർ**